പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3283 — 11.05.2017 ൽ മറുപടിക്ക്

## ഇന്ത്യൻ റെയർ എർത്തും കരിമണലിന്റെ ദുരുപയോഗവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ. നാണു<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) ആലപ്പുഴ ഫിഷിംഗ് ഹാർബറിന്റെ ആഴം കൂട്ടുന്നതിന്റെ ഭാഗമായി ഇന്ത്യൻ റെയർ എർത്ത് എന്ന സ്ഥാപനം എടുത്തുമാറ്റിയ ഏകദേശം 3 ലക്ഷം ടൺ കരി മണ്ണ് അലക്ഷ്യമായി തീരത്ത് തന്നെ നിക്ഷേപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ധാതുമണലിന്റെ കുറവുമൂലം പ്രവർത്തന ശേഷി പൂർണ്ണമായി ഉപയോഗിക്കാത്ത കെ.എം.എം.എൽ ന്റെ പ്രവർത്തനത്തിന് ഈ മണ്ണ് ഉടനടി ലഭ്യമാക്കുമോ; | (എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ചവറയിലെ ഇൻഡ്യൻ റെയർ എർത്ത് കഴിഞ്ഞ നാല് വർഷങ്ങളായി ആവശ്യമായ അസംസ്കൃത ധാതു മണൽ ലഭിക്കാത്തതിനെ തുടർന്ന് അടച്ചു പൂട്ടലിന്റെ വക്കിലാണ്. ഈ പ്രതിസന്ധിയെ മറികടക്കുന്നതിലേക്കായി തോട്ടപ്പള്ളി ഹാർബർ പ്രദേശത്തുനിന്നും ഡ്രഡ്ജ് ചെയ്യുന്ന മണൽ ലഭിക്കുന്നതിനായി സർക്കാരിനോട് അപേക്ഷിച്ചിരുന്നതും തുടർന്ന് സർക്കാർ ആയതിന് അനുമതി നൽകുകയും സർക്കാർ ഉത്തരവുകളിലൂടെ 2,03,000 ക്യൂബിക് മീറ്റർ ധാതുമണൽ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിൽ നിന്ന് ശേഖരിച്ച് ഗതാഗതം ചെയ്യുന്നതിനായി അനുവദിക്കുകയും ചെയ്തു. 07.02.2015 മുതൽ 16.07.2016 വരെ ഈ പ്രവൃത്തി തുടർന്നു വന്നിരുന്നു. തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ രണ്ടാം ഘട്ട വികസനം ആവശ്യപ്പെട്ടുകൊണ്ട് ചില പ്രാദേശിക കരയോഗങ്ങൾ 16.07.2016 ൽ ഹാർബറിൽ നിന്നുള്ള മണൽ ശേഖരണ പ്രവർത്തനം തടഞ്ഞിട്ടുള്ളതാണ്. പ്രസ്തുത ജോലി പുനരാരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ പരാജയപ്പെടുകയാണുണ്ടായത്. തുടർന്ന് സർക്കാരിന്റെ നിർദ്ദേശ പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ വിളിച്ചുകൂട്ടിയ യോഗത്തിൽ കരയോഗങ്ങളുമായി ധാരണയായതിനെതുടർന്ന് ധാതുമണൽ ശേഖരണ പ്രവർത്തനം പുനരാരംഭിച്ചിട്ടുള്ളതാണ്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ഈ ഇനത്തിൽ ഇൻഡ്യൻ റെയർ എർത്ത് 5.53 കോടി രൂപ ഇതിനോടകം നൽകിയിട്ടുള്ളതുമാണ്. ഈ ധാതുമണൽ കെ.എം.എം.എൽ ന്റെ പ്രവർത്തനത്തിന് ലഭ്യമാക്കണമോയെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | തോട്ടപ്പള്ളി ഭാഗത്തായി കൂട്ടിയിട്ടിരിക്കുന്ന ധാതുമണൽ വൻതോതിൽ കള്ളക്കടത്തായി പൊയ്ക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ധാതുമണൽ കടത്തു തടയാൻ ഉടൻ നടപടി സ്വീകരിക്കുമോ; കള്ളക്കടത്ത് തടയാൻ പ്രസ്തുത ധാതു മണലിന് സംരക്ഷണം ഏർപ്പെടുത്തുമോ; | (ബി) | കരിമണൽ വൻതോതിൽ കടത്തിക്കൊണ്ടു പോകുന്നതായി മൈനിംഗ് & ജിയോളജി വകുപ്പ് നടത്തിയ പരിശോധനയിൽ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ അനധികൃതമായി ധാതുമണൽ കടത്തിക്കൊണ്ടു പോകുന്നുവെന്ന പത്രവാർത്തകൾ വന്നതിനെത്തുടർന്ന് കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം പോലീസ് സൂപ്രണ്ട്, കൊല്ലം ജില്ലാ കളക്ടർ എന്നിവരെ വിവരം അറിയിക്കുകയും ധാതുകടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മൈനിംഗ് & ജിയോളജി ദക്ഷിണമെഖലാ മിനറൽ സ്ക്വാഡിനോട് ധാതുമണൽ കടത്തിക്കൊണ്ടുപോകുന്നത് തടയുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സ്ക്വാഡ് കൊല്ലം ജില്ലയിലെ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് പരിശോധന നടത്തിവരുന്നു. കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന തീരപ്രദേശത്ത് സ്ഥിരമായി പോലീസ് പിക്കറ്റ് നിലവിലുള്ളതാണ്, കൂടാതെ ഈ സ്ഥലത്ത് ഈ ആവശ്യത്തിലേക്ക് പോലീസ് പട്രോളിംഗ് നടത്തുന്നുണ്ട്. 28.12.2009 ലെ ജി.ഒ(ആർ.റ്റി) നമ്പർ 1603/09/ഐ.ഡി നമ്പർ ഉത്തരവ് പ്രകാരം കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസീൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡും ഹരിപ്പാട് സർക്കിൾ ഇൻസ്പെക്ടർ, ആലപ്പുഴ ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസീൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡും നിലവിലുണ്ട്. കൂടാതെ ആഭ്യന്തര വകുപ്പ് ഈ ആവശ്യത്തിലേയ്ക്കായി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനേയും നിയോഗിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന് മുതൽക്കൂട്ടാവേണ്ട കോടികൾ വിലമതിക്കുന്ന മണ്ണ് വലിച്ചെറിഞ്ഞ് കള്ളക്കടത്തിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (സി) | ധാതുമണൽ കടത്ത് തടയുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കള്ളക്കടത്തിന് ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**